പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>വൈക്കം നിയോജകമണ്ഡലത്തിലെ ദേശീയഗ്രാമീണതൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തനപുരോഗതി</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3506

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പപദ്ധതി ആരംഭിച്ചതിനു ശേഷം വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഓരോവർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്ന വ്യക്തമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ദേശീയഗ്രാമീണതൊഴിലുറപ്പപദ്ധതി ആരംഭിച്ചതിനുശേഷം ഏതെല്ലാം മേഖലകളിൽ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്ന വ്യക്തമാക്കുമോ; | (ബി) | വൈക്കം നിയോജകമണ്ഡലത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതിന് ശേഷം കാർഷിക മേഖല, മൃഗസംരക്ഷണം, മത്സ്യമേഖല, ഹോർട്ടികൾച്ചർ എന്നീ മേഖലകളിൽ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (സി) | ദേശീയഗ്രാമീണതൊഴിലുറപ്പപദ്ധതി പ്രകാരം വൈക്കം നിയോജകമണ്ഡലത്തിലെ കാർഷികമേഖലയിൽ തൊഴിൽ നൽകിയതുമായി ബന്ധപ്പെട്ട് എന്തു തുക ചെലവഴിച്ചുവെന്നും, ഇതുവഴി മുൻവർഷങ്ങളിൽ നിന്നും ഈ മേഖലയിൽ എന്തു വളർച്ചയുണ്ടായെന്നും വെളിപ്പെടുത്തുമോ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയിൽ 35 കോടി 23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>കാർഷികമേഖലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, ഭൂവികസനപ്രവൃത്തികൾ എന്നിവ ഏറ്റെടുത്തതു വഴി നെല്ല്, നാളികേരം, പച്ചക്കറി എന്നിവയുടെ ഉല്പാദനത്തിൽ 10% വർദ്ധനവ് ഉണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി ആരംഭിച്ചതിനു ശേഷം വൈക്കം നിയോജകമണ്ഡലത്തിൽ നാളികേരം, നെല്ല്, റബ്ബർ എന്നിവയുടെ ഉത്പാദനത്തിലുണ്ടായ വർദ്ധന പഞ്ചായത്തുതിരിച്ച വ്യക്തമാക്കുമോ? | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതിന് ശേഷം വൈക്കം നിയോജക മണ്ഡലത്തിൽ നാളികേരം, നെല്ല്, റബ്ബർ എന്നിവയുടെ ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു. |

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഉല്പന്നം | | |
|---|---|---|---|
| | നെല്ല് | നാളികേരം | റബ്ബർ |
| ചെമ്പ് | 7% | 15% | 2% |
| മറവൻതുരുത്ത് | 5% | 15% | — |
| തലയാഴം | 12% | 10% | — |
| ടി.വി. പുരം | 3% | 7% | — |
| ഉദയനാപുരം | 10% | 12% | — |
| വെച്ചൂർ | 10% | 6% | — |

സെക്ഷൻ ഓഫീസർ

അനുബന്ധം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതിന് ശേഷം വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (രൂപ ലക്ഷത്തിൽ) ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | 2008 - 2009 | 2009 -2010 | 2010 - 2011 | 2011-2012 | 2012-2013 |
|---|---|---|---|---|---|---|
| 1 | ചെമ്പ് | 8.41 | 38.95 | 124.08 | 209.19 | 225.84 |
| 2 | മറവൻതുരുത്ത് | 15.53 | 73.85 | 142.33 | 215.13 | 265.07 |
| 3 | തലയാഴം | 12.65 | 32.20 | 101.85 | 233.63 | 242.57 |
| 4 | ടി.വി.പുരം | 6.67 | 52.67 | 137.16 | 195.28 | 77.08 |
| 5 | ഉദയനാപുരം | 12.25 | 92.17 | 159.39 | 317.45 | 327.03 |
| 6 | വെച്ചൂർ | 5.53 | 24.92 | 105.92 | 151.21 | 172.28 |
| | ആകെ | 61.04 | 314.76 | 770.73 | 1321.89 | 1309.87 |

സെക്ഷൻ ഓഫീസർ